ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുന്നത് ഇന്ത്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിലാണ്. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യമുള്ള 6 റോഡുകൾ 9 പാക്കേജുകളായി അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 6 പാക്കേജിന്റെ ടെണ്ടർ കഴിഞ്ഞു. മറ്റ് രണ്ട് പാക്കേജുകളുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) നിലവിലുള്ള സാഹചര്യത്തിൽ ഐ.ആർ.സി.-യുടെ നിബന്ധനകൾ പാലിക്കുന്നതിന് തടങ്ങളൊന്നുമില്ല.

(സി) ഐ.ആർ.സി.യുടെ നിബന്ധനകൾ അനുസരിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്.

റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി

264 (7235) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ ;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ മതിപ്പുചെലവ് എത്രയാണെന്ന് വിശദമാക്കുമോ ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി.മീ. റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് സമഗ്ര വികസനത്തിനായി തയ്യാറാക്കിയ പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ നിലവാര മുയർത്തൽ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട്, സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്നീ പദ്ധതികൾ പ്രകാരവും ചെയ്തുവരുന്നു. പുതിതായി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് പരമാവധി ബി.എം.& ബി.സി. പ്രതലമാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(ബി) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായിട്ടാണ് റോഡുകൾ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത ഏകദേശം 469 കി.മീ. റോഡുകളും അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനുമായി അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 644 കി.മീ. റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. നഗര റോഡ് വികസന പദ്ധതിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹന യാത്രക്കാരുടെ സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള തെരുവ് വിളക്കുകൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, കാൽനട യാത്രക്കാർക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ ഓടുപാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമരങ്ങളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന നഗര റോഡ് വികസന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ കേരളത്തിലെ തെരഞ്ഞെടുത്ത 6 പ്രധാന റോഡുകൾ (9 പാക്കേജുകളായി) അന്താരാഷ്ട്ര നിലവാരത്തിൽ അപ്ഗ്രേഡ് ചെയ്യുക റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ചെയ്ത് അപകടങ്ങളും, മരണങ്ങളും കുറയ്ക്കുക, യാത്രാസമയം 20% കുറയ്ക്കുക, പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണം എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും.

(സി) റീഹാബിലിറ്റേഷൻ പാക്കേജിൽ 469 കി.മീ. റോഡും, അപ്ഗ്രഡേഷൻ പാക്കേജിൽ 644 കി.മീ. റോഡുമാണ് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം നഗര റോഡ്

LIBRARY ARCHIVES Kerala Legislative Assembly

വികസന പദ്ധതിയിൽ 42.537 കി.മീറ്ററും, കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയിൽ 37.305 കി.മീറ്ററും ഉൾപ്പെടുത്തിയിരിക്കുന്നു. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 363 കി.മീ. ദൈർഘ്യമുള്ള 6 പ്രധാന റോഡുകളാണ് (9 പാക്കേജുകളായി) വികസിപ്പിക്കുന്നത്. ഇതുകൂടാതെ കെ.എസ്.ടി.പി. ഒന്ന് പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ കഴക്കൂട്ടം-തൈക്കോട്-അടൂർ റോഡിനെ ഒരു മോഡൽ റോഡ് സെഗ്മെന്റ് കോറിഡോർ ആയി നവീകരിക്കുന്നതാണ്.

(ഡി) സംസ്ഥാന റോഡ് വികസന പദ്ധതിയുടെ റിഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന റോഡുകളുടെ ഡി.പി.ആർ. പ്രകാരമുള്ള മതിപ്പു ചെലവ് 1100 കോടി രൂപയാണ്. അപ്ഗ്രഡേഷൻ പാക്കേജ് നടപ്പാക്കുന്നതിന് ഏകദേശം 2880 കോടി രൂപയാണ് മതിപ്പു ചെലവായി കണക്കാക്കിയിരിക്കുന്നത്. തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ മതിപ്പു ചെലവ് 105.6 കോടി രൂപയും കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടേത് 254.32 കോടി രൂപയുമാണ്. കെ.എസ്.ടി.പി. രണ്ട് പദ്ധതിക്ക് 2403 കോടി രൂപയാണ് മതിപ്പു ചെലവ് പ്രതീക്ഷിക്കുന്നത്

(ഇ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ റീഹാബിലിറ്റേഷൻ പാക്കേജ് പി.പി.പി./ആന്യൂറ്റി രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അപ്ഗ്രഡേഷൻ പാക്കേജിന്റെ ഡി.പി.ആർ. തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ബി.ഒ.റ്റി. ആനിറ്റി വ്യവസ്ഥയിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ ഫണ്ട് ഉപയോഗിച്ചാണ് നഗര റോഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. 2403 കോടി രൂപയുടെ കെ.എസ്.ടി.പി. രണ്ടാം പദ്ധതിക്ക് ലോക ബാങ്ക് ധനസഹായം നൽകുന്നുണ്ട്.

സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി

265 (7236) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതിക്ക് (എസ്.ആർ.ഐ.പി.) ഭരണാനുമതി നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവൃത്തികൾ ഏതെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) എസ്.ആർ.ഐ.പി.-ൽ ഏതെല്ലാം പാക്കേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly